**No.CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## 2017-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ്

സംസ്ഥാനത്തെ വിവിധ പ്രൊഫഷണൽ കോളേജുകളിലേയ്ക്ക് 2017-18 വർഷത്തെ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയ 23.06.2017 (വെള്ളിയാഴ്ച) ആരംഭിക്കുന്നു. ഈ ഘട്ടത്തിൽ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേയ്ക്ക് മാത്രമാണ് ഓപ്ഷനുകൾ ക്ഷണിയ്ക്കുന്നത്. മെഡിക്കൽ/അനുബന്ധ കോഴ്സുകളെ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിൽ പിന്നീട് ഉൾപ്പെടുത്തുന്നതാണ്.

2017-ലെ കേരളാ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് **2017 ജൂൺ 23-ാം തീയതി** മുതൽ **ജൂൺ 28-ാം തീയതി വൈകുന്നേരം 5 മണി** വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. വിദ്യാർത്ഥികൾക്ക് സൗജന്യമായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഇന്റർനെറ്റ് സൗകര്യമുള്ള **ഫെസിലിറ്റേഷൻ സെന്ററുകൾ (FC)** സംസ്ഥാനത്തുടനീളം ഇക്കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇവയുടെ വിശദമായ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## KEAM 2017 - ഒന്നാംഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു

| | |
|---|---|
| 23-06-2017 | ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം സജ്ജമാകുന്നു |
| 27-06-2017 | ട്രയൽ അലോട്ട്മെന്റ് |
| 28-06-2017 , 5 p.m | ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം അവസാനിക്കുന്നു |
| **30-06-2017** | **ആദ്യ അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| 01-07-2017 to 05.07.2017, 3 pm | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിശ്ചിത ശാഖകളിലോ ഓൺലൈൻ മുഖാന്തിരമോ ഒടുക്കണം.<br>**ആദ്യ അലോട്ട്മെന്റിൽ വിദ്യാർത്ഥികൾ കോളേജുകളിൽ പ്രവേശനം നേടേണ്ടതില്ല.**<br>നിശ്ചിത സമയത്തിനകം ഫീസ് ഒടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിൽ നിലവിലുള്ള ഓപ്ഷനുകളും റദ്ദാകുന്നതാണ്. റദ്ദാക്കപ്പെടുന്ന ഓപ്ഷനുകൾ പിന്നീടുള്ള ഘട്ടങ്ങളിൽ ലഭ്യമാകുന്നതല്ല. |

തുടർന്നുള്ള അലോട്ട്മെന്റുകളുടെ സമയക്രമം സമയാസമയങ്ങളിലുള്ള വിജ്ഞാപനത്തിലൂടെ പ്രസിദ്ധപ്പെടുത്തുന്നതാണ്

ഒന്നാം ഘട്ട അലോട്ടുമെന്റിന് താഴെ പറഞ്ഞിരിക്കുന്ന പ്രൊഫഷണൽ കോളേജുകളിലെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി എന്നീ കോഴ്സുകളിലേയ്ക്കായിരിക്കും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നത്.

| നം. | കോളേജുകൾ | അനുബന്ധം |
|---|---|---|
| 1. | സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ | I |
| 2. | കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിക്കു കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജ് | II |
| 3. | കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ | III |
| 4. | കേരള ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജ് | IV |
| 5. | സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ, വിവിധ യൂണിവേഴ്സിറ്റികളുടെ നിയന്ത്രണത്തിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ | V |
| 6. | കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ | VI |
| 7. | കേരളാ സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിലുള്ള സ്വകാര്യ സ്വാശ്രയ കോളേജുകൾ | VII |
| 8. | എ.സി.എം.എ യുടെ കീഴിലുള്ള സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകൾ | VIII |
| 9. | സർക്കാർ ഫാർമസി കോളേജുകൾ | IX |

**നിർദ്ദേശാനുസൃത സംവരണം :**

അഖിലേന്ത്യാ ക്വാട്ട, ഇന്ത്യാ ഗവൺമെന്റ് നോമിനികൾ, പ്രത്യേക സംവരണം, ശാരീരിക വൈകല്യമുള്ളവർ, മാനേജ്മെന്റ് ക്വാട്ട എന്നിവയ്ക്കായി നീക്കിവച്ച സീറ്റുകൾ ഒഴികെ സർക്കാർ/എയ്ഡഡ്/കേരളാ കാർഷിക സർവ്വകലാശാല/കേരളാ വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാല/കേരളാ ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല എന്നിവയുടെ കീഴിൽ വരുന്ന കോളേജുകളിലെ ഓരോ കോഴ്സിനും അവശേഷിക്കുന്ന സർക്കാർ സീറ്റുകൾ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള 02.05.1966-ലെ G.O.(P)208/66/Edn. ഉത്തരവിലെയും 06.10.2008-ലെ G.O.(Ms)No.95/08/SCSTDD ഉത്തരവിലേയും 23.05.2014-ലെ G.O.(Ms)No.10/2014/BCDD ഉത്തരവിലേയും തത്വങ്ങൾക്കനുസൃതമായി വിതരണം ചെയ്യുന്നതാണ്.

**നിർദ്ദേശാനുസൃത സംവരണം ഇപ്രകാരമാണ്. (ശതമാന കണക്കിൽ)**

| | | | | | |
|---|---|---|---|---|---|
| (A) | **സ്റ്റേറ്റ് മെരിറ്റ് (SM)** | | | - | **60%** |
| (B) | **സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ (SEBC)** | | | - | **30%** |
| | (a) ഈഴവ (EZ) | - | 9% | | |
| | (b) മുസ്ലീം (MU) | - | 8% | | |
| | (c) മറ്റു പിന്നോക്ക ഹിന്ദു (BH) | - | 3% | | |
| | (d) ലത്തീൻ കത്തോലിക്കരും ആംഗ്ലോ ഇന്ത്യൻസും (LA) | - | 3% | | |
| | (e) ധീവരയും അവാന്തര വിഭാഗങ്ങളും (DV) | - | 2% | | |
| | (f) വിശ്വകർമ്മയും അവാന്തര വിഭാഗങ്ങളും (VK) | - | 2% | | |
| | (g) കുശവനും അനുബന്ധ സമുദായങ്ങളും (KN) | - | 1% | | |
| | (h) മറ്റു പിന്നോക്ക ക്രിസ്ത്യൻ (BX) | - | 1% | | |
| | (i) കുഡുംബി (KU) | - | 1% | | |
| (C) | **പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും** | | | - | **10%** |
| | (a) പട്ടികജാതി (SC) | - | 8% | | |
| | (b) പട്ടികവർഗ്ഗം (ST) | - | 2% | | |

സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള സംവരണ നയം തുടരുന്നതാണ്. കൂടാതെ സർക്കാർ നിയന്ത്രിത സ്വാശ്രയ/യൂണിവേഴ്സിറ്റി നിയന്ത്രിത/സ്വകാര്യ സ്വാശ്രയ കോളേജുകളിലെ സർക്കാർ സീറ്റുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്.

കുറിപ്പ്:-

(1) സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ 50% മെരിറ്റ് സീറ്റുകളിലും 45% മാനേജ്മെന്റ് സീറ്റുകളിലും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്.

(2) കോ-ഓപറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷൻ (CAPE) ന് കീഴിലുള്ള സ്വാശ്രയ കോളേജുകളിലെ 60% മെരിറ്റ് സീറ്റുകളിലും 35% മാനേജ്മെന്റ് സീറ്റുകളിലും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്.

(3) സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിന് കീഴിലുള്ള തൊടുപുഴ, മുട്ടം, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ 95% സീറ്റുകൾ മെരിറ്റ് സീറ്റുകളായി പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്.

(4) കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിലെ 100% സീറ്റുകളും മെരിറ്റ് സീറ്റുകളായി പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്.

(5) തിരുവനന്തപുരം, പാപ്പനംകോട് ശ്രീ ചിത്തിരതിരുനാൾ കോളേജ് ഓഫ് എൻജിനീയറിംഗിലെ 50% മെരിറ്റ് സീറ്റുകളിലും 35% മാനേജ്മെന്റ് സീറ്റുകളിലും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്.

(6) സ്വകാര്യ സ്വാശ്രയ കോളേജുകളിലെ സമുദായം/രജിസ്ട്രേഡ് സൊസൈറ്റി/രജിസ്ട്രേഡ് ട്രസ്റ്റ് സീറ്റുകളിലെ അലോട്ട്മെന്റ് സംബന്ധിച്ച് വിജ്ഞാപനം യഥാസമയം പുറപ്പെടുവിക്കുന്നതാണ്. ഈ ക്വാട്ടയിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും മറ്റു വിദ്യാർത്ഥികളെപ്പോലെ പ്രസ്തുത ക്വാട്ട ലഭ്യമായ കോളേജുകളിലേക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ ഇതോടൊപ്പം രജിസ്റ്റർ ചെയ്യേണ്ടതാണ്.

| **വാർഷിക ഫീസ് ഘടന** | | |
|---|---|---|
| **എൻജിനീയറിംഗ്** | | |
| **സർക്കാർ/എയ്ഡഡ് എൻജിനീയറിംഗ് കോളേജുകൾ** | **8,225/- രൂപ** | |
| **സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ** | **ഗവൺമെന്റ് സീറ്റ്** | **മാനേജ്മെന്റ് സീറ്റ്** |
| | **35,000/- രൂപ** | **65,000/-രൂപ** |
| **കേരള സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജ്** | **35,000/- രൂപ** | **65,000/-രൂപ** |

<table>
<tr><td rowspan="2">കോഴിക്കോട് സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജ്</td><td colspan="2">100% ഗവൺമെന്റ് സീറ്റ്</td></tr>
<tr><td colspan="2">35,000/- രൂപ</td></tr>
<tr><td rowspan="2">സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ് –ന്റെ കീഴിലുള്ള സ്വാശ്രയ കോളേജ്</td><td colspan="2">95% ഗവൺമെന്റ് സീറ്റ്</td></tr>
<tr><td colspan="2">35,000/- രൂപ</td></tr>
<tr><td rowspan="2">എസ്.സി.റ്റി. കോളേജ് ഓഫ് എൻജിനീയറിംഗ്, തിരുവനന്തപുരം</td><td>50% ഗവൺമെന്റ് സീറ്റ്</td><td>35% മാനേജ്മെന്റ് സീറ്റ്</td></tr>
<tr><td>35,000/- രൂപ</td><td>65,000/-രൂപ</td></tr>
<tr><td>അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്കു കീഴിലുള്ള കോളേജ്</td><td>ബി.ടെക് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ്<br>7,500/- രൂപ<br>(Per Semester Tuition Fee)</td><td>ബി.ടെക് ഫുഡ് എഞ്ചിനീയറിംഗ് & ടെക്നോളജി<br>36,250/- രൂപ<br>(Per Semester Tuition Fee)</td></tr>
<tr><td>വെറ്ററിനറി യൂണിവേഴ്സിറ്റിക്കു കീഴിലുള്ള കോളേജുകൾ</td><td>ബി.ടെക്<br>(ഡയറി ടെക്നോളജി)<br>3,410/- രൂപ<br>(Per Semester Tuition Fee)</td><td>ബി.ടെക് ഫുഡ് ടെക്നോളജി<br>3,410/- രൂപ<br>(Per Semester Tuition Fee)</td></tr>
<tr><td>ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ് യൂണിവേഴ്സിറ്റിക്കു കീഴിലുള്ള കോളേജ്</td><td colspan="2">ബി.ടെക് ഫുഡ് സയൻസ് & ടെക്നോളജി<br>33,000/- രൂപ<br>(Per Semester Tuition Fee)</td></tr>
<tr><td rowspan="4">കേരളാ സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു (KSFECMA) കീഴിലുള്ള സ്വകാര്യ സ്വാശ്രയ കോളേജുകൾ:<br>കുറിപ്പ്:<br>1. അലോട്ട്മെന്റ് ലഭിക്കുന്നവർ CEE യുടെ പേരിൽ 10,000/- രൂപ ബന്ധപ്പെട്ട SBI ശാഖയിലോ ഓൺലൈനായോ ഒടുക്കേണ്ടതാണ്. ബാക്കി ഫീസ് തുക ബന്ധപ്പെട്ട കോളേജിൽ പ്രവേശനം നേടുമ്പോൾ ഒടുക്കിയാൽ മതിയാകും<br>2. KSFECMA യുടെ കീഴിലുള്ള സ്വകാര്യ സ്വാശ്രയ കോളേജുകളിലെ വിവിധ കോഴ്സുകളുടെ വ്യത്യസ്ത ഫീസ് നിരക്ക് വെബ്സൈറ്റിൽ ലഭ്യമാണ്.</td><td colspan="2">50% സർക്കാർ സീറ്റ്</td></tr>
<tr><td>*25% താഴ്ന്ന വരുമാനക്കാർ<br>50,000/- രൂപ വരെ</td><td>25% മറ്റുള്ളവർ<br>Tuition Fee - 50000/- രൂപ വരെ<br>Special Fee - 25000/-രൂപ വരെ</td></tr>
<tr><td colspan="2">നേവൽ ആർക്കിടെക്ചർ & ഷിപ്പ് ബിൽഡിംഗ് കോഴ്സ്</td></tr>
<tr><td>*25% താഴ്ന്ന വരുമാനക്കാർ<br>85,000/- രൂപ</td><td>25% മറ്റുള്ളവർ<br>Tuition Fee - 85,000/- രൂപ<br>Special Fee – 50,000/-രൂപ</td></tr>
<tr><td>കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകൾ<br><br>അലോട്ട്മെന്റ് ലഭിക്കുന്നവർ CEE യുടെ പേരിൽ 10,000/- രൂപ ബന്ധപ്പെട്ട SBI ശാഖയിലോ ഓൺലൈനായോ ഒടുക്കേണ്ടതാണ്. ബാക്കി ഫീസ് തുക ബന്ധപ്പെട്ട കോളേജിൽ പ്രവേശനം നേടുമ്പോൾ ഒടുക്കിയാൽ മതിയാകും</td><td>50% സർക്കാർ സീറ്റ്<br><br>75,000/-രൂപ<br>+<br>1,00,000/- രൂപ<br>തിരികെ നൽകുന്ന പലിശരഹിത നിക്ഷേപ തുക</td><td>സ്കോളർഷിപ്പ്<br>60 വിദ്യാർത്ഥികളുടെ ഓരോ ബാച്ചിനും 3 ലക്ഷം രൂപ വീതം സ്കോളർഷിപ്പ് ഇനത്തിൽ മാനേജ്മെന്റുകൾ മാറ്റിവയ്ക്കുകയും പ്രവേശന നടപടികൾ അവസാനിച്ച ശേഷം പ്രസ്തുത തുക GO(Ms)No. 689/2013/H.Edn dated: 16.11.2013 എന്ന സർക്കാർ ഉത്തരവിന് വിധേയമായി ട്യൂഷൻ ഫീ വേയ്‌വർ ഇനത്തിൽ<br>വിതരണം ചെയ്യുന്നതുമായിരിക്കും.</td></tr>
</table>

<table>
<tr><td colspan="3">ആർക്കിടെക്ചർ</td></tr>
<tr><td>സർക്കാർ/ എയ്ഡഡ് കോളേജുകൾ</td><td colspan="2">8,225/- രൂപ</td></tr>
<tr><td rowspan="2">സ്വകാര്യ സ്വാശ്രയ കോളേജുകൾ<br>അലോട്ട്മെന്റ് ലഭിക്കുന്നവർ CEE യുടെ പേരിൽ 10,000/- രൂപ ബന്ധപ്പെട്ട SBI ശാഖയിലോ ഓൺലൈനായോ ഒടുക്കേണ്ടതാണ്. ബാക്കി ഫീസ് തുക ബന്ധപ്പെട്ട കോളേജിൽ പ്രവശനം നേടുമ്പോൾ ഒടുക്കിയാൽ മതിയാകും</td><td colspan="2">50% സർക്കാർ സീറ്റ്</td></tr>
<tr><td>*25% താഴ്ന്ന വരുമാനക്കാർ<br>55,000/- രൂപ</td><td>25% മറ്റുള്ളവർ<br>Tuition Fee - 55,000/- രൂപ<br>Special Fee – 25,000/-രൂപ</td></tr>
<tr><td>സർക്കാർ ഫാർമസി കോളേജുകൾ</td><td colspan="2">15,000/- രൂപ</td></tr>
</table>

*ഈ ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത് കോളേജുകളിലേക്കുള്ള അലോട്ട്മെന്റ് പൂർത്തിയായതിന് ശേഷമായിരിക്കും. ആയതിനാൽ അലോട്ട്മെന്റ് സമയത്ത് വിദ്യാർത്ഥികൾ സർക്കാർ നിശ്ചയിച്ച വാർഷിക മെരിറ്റ് ഫീസ് ഒടുക്കേണ്ടതാണ്. ഫീസ് ഇളവ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ബാക്കി തുക മടക്കി നൽകുന്നതാണ്.

**AICTE ട്യൂഷൻ ഫീസിളവ് പദ്ധതി:** എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് AICTE നിർദ്ദേശാനുസൃതമുള്ള ഫീസിളവ് പദ്ധതി നടപ്പാക്കുന്നതാണ്. ഓരോ കോഴ്സിലും ആകെ സീറ്റുകളുടെ 5% സീറ്റുകൾ അധികമായി ട്യൂഷൻ ഫീസിളവ് പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതായിരിക്കും. ഇതിന് അർഹരായ വിദ്യാർത്ഥികളെ പ്രവേശനം അവസാനിപ്പിച്ചതിനു ശേഷം തിരഞ്ഞെടുക്കുന്നതാണ്.

**ടോക്കൺ ഡെപ്പോസിറ്റ്**

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും **1,000/- രൂപ** അടച്ച് അലോട്ട്മെന്റ് അംഗീകരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

ഗവണ്മെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കാൻ ബാധ്യസ്ഥരായിരിക്കും.

കേന്ദ്ര റഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനും സർക്കാർ അനുമതിയുമുള്ള കോളേജുകളിലേക്ക് മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ടുമെന്റ് നടത്തുകയുള്ളൂ.

***കുറിപ്പ്: വിവിധ കാരണങ്ങളാൽ റാങ്ക് ലിസ്റ്റുകളിൽ ഫലം തടഞ്ഞുവച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഈ വിദ്യാർത്ഥികൾ 27.06.2017 ന് വൈകുന്നേരം 05.00 മണിക്കു മുൻപായി ഫലം പ്രസിദ്ധപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ടുമെന്റിനായി പരിഗണിക്കുന്നതല്ല.***

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
22.06.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**